ട്ടും ശമ്പളംകിട്ടാതെ ഹോട്ടലിൽ പണം കൊടുക്കാനില്ലാതെ കടത്തിൽപെട്ട നരകയാതന അനുഭവിക്കുന്ന ഇവരുടെ കഷ്ടപ്പാടിനെപ്പറ്റി ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്താൻ വേണ്ടിയും ഈ നിയമസഭയുടെ അംഗീകരണത്തിനായിട്ടും ഞാൻ ഈ ഖണ്ഡനോപക്ഷേപം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

റിവ്യൂസാഹിബ്ബ് കെ. അയ്യപ്പൻ: ഇങ്ങിനെ അവക്ക് ശമ്പളം സമയത്തിനു കിട്ടുന്നില്ലെന്നുള്ള വിവരം ഒപ്പ് ഒന്നും ഇല്ലാത്ത ഒരു കത്തുമൂലം മാത്രമേ അറിയുവാൻ ഇടയായിട്ടുള്ളൂ. ഏതായാലും അതിനെ സംബന്ധിച്ച് വേണ്ടതുചെയ്യാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ബഹുമാനപ്പെട്ട മന്ത്രി ഇതിനെപ്പറ്റിഅന്വേഷിച്ച് വേണ്ടതുചെയ്യാമെന്ന് ഉറപ്പ് പറഞ്ഞതനുസരിച്ചു ഞാൻ ഇതു press ചെയ്യുന്നില്ല. നിയമസഭയുടെ അനുമതിയോടുകൂടി ഈ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn

Point of Order

Mr. P. Kumaran Ezhuthassan *(Vadakkancheri):* I rise on a point of order and seek to know how Cut Motion No. 58 to urge the Government that the number of Executive Engineers be reduced, came to be the very last. I had sent up the cut motion under an appropriate, tenable head of expenditure and on that ground it ought to have had precedence over other cut motions.

Mr. President: When these cut motions are received in the office, as I explained yesterday or day before yesterday, these are scrutinised and arranged under appropriate heads. I think it but fair that the Members presume that these cut motions are arranged under appropriate heads. Now, with regard to this particular cut motion, the Hon'ble Member's suggestion is that it should have come earlier. This very point the suggestion coming from him on that point, was considered when this cut motion was examined, and it was put under the total, because it was found that executive engineers and there are very many Executive Engineers in different sections of the Public Works Department and therefore, it should necessarily come under the total. For that reason, I ordered that it should be under the total.

Mr. P. Kumaran Ezhuthassan *(Vadakkancheri):* I stand enlightened, Sir.

Cut Motion No. 2

മിസ്റ്റർ കെ. ഐ. വേലായുധൻ: "To reduce the allotment of Rs. 53,429 for Public Works in Demand No. 32 (A) by Re. 1. (To discuss the urgent necessity of expediting building constructions for low-paid Government employees for rent in town areas)".

ബഹുമാനപ്പെട്ട പൊതുമരാമത്തു മന്ത്രിയുടെ പ്രസംഗത്തിൽനിന്നും ഈ വകുപ്പിൽ വളരെയധികം വിപുലങ്ങളായ നടപടികൾ നടത്താമെന്നു പറഞ്ഞതുകൊണ്ട് ഈ ഖണ്ഡനോപക്ഷേപത്തിൽ അടങ്ങിയിട്ടുള്ള കാര്യത്തെ ആലോചിക്കുന്നതായിരിക്കുമെന്നു മനസ്സിലായി. പക്ഷെ അദ്ദേഹംതന്നെ വളരെ സവിസ്താരമായി പറഞ്ഞ ആ സംഗതികളെല്ലാം ഉടനെ പ്രവർത്തിപഥത്തിൽ കൊണ്ടുവരാൻ ശ്രമിക്കേണ്ടതായിട്ടുണ്ട്. ഇന്നു കൊച്ചീരാജ്യത്തിൽ വീട്ടുവാടകയെ സംബന്ധിച്ചുള്ള നിയമങ്ങളെല്ലാമുണ്ടെങ്കിലും, വീടു കിട്ടാതെ, താമസിക്കുവാൻ വീടില്ലാതെ, ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം നോക്കുകയാണെങ്കിൽ, വളരെയധികം ദുരിതങ്ങളാണ് അവർ അനുഭവിച്ചുകൊണ്ടിരിക്കുന്നതു. വിശേഷിച്ചു ൨൫ കെ. മുതൽ ൪൦ കെ. വരേയും, ൪൧ കെ. മുതൽ ൫൦ കെ. വരേയും ശമ്പളം വാങ്ങിക്കുന്ന ഉദ്യോഗസ്ഥന്മാരും മറ്റു കീഴ്ജീവനക്കാരും ശമ്പളത്തിനൊത്തവിധത്തിൽ വീടു വാടകയ്ക്കു കിട്ടാതെ ഏറ്റവും അധികം കഷ്ടമനുഭവിച്ചുവരുന്നുണ്ട്. വിശിഷ്യാ ടൌൺ പ്രദേശങ്ങളിൽ കൂടുതൽ കഷ്ടമനുഭവിക്കേണ്ടതായിട്ടാണ് വന്നിരിക്കുന്നതെന്നു ഞാൻ പറയാതെതന്നെ നിങ്ങൾക്കു അറിയാവുന്ന ഒരു സംഗതിയാണ്. കാരണം ഇന്നു ടൌണിൽ ഒരു സ്ഥലം മുങ്ങിയ വാടകയ്ക്കു കിട്ടുവാൻ കീഴ്ജീവനക്കാക്ക് ഒരിക്കലും സാദ്ധ്യമല്ല. അവർക്കു കിട്ടുന്ന തുച്ഛമായ ശമ്പളംകൊണ്ടു വലിയ ഒരു കുടുംബത്തെ സംരക്ഷിച്ചുകൊണ്ടുപോകാനും, ബാക്കിയുള്ള സകല സാധനങ്ങളും വാങ്ങി അവരവരുടേയും വലിയ കുടുംബത്തിന്റേയും ചിലവു കഴിച്ചുകൂട്ടിപ്പോകാനും ഒരിക്കലും സാദ്ധ്യമല്ല. ആ സ്ഥിതിക്ക് എത്രയും തുച്ഛമായിട്ടുള്ള ഒരു ശമ്പളംകൊണ്ട് ഒരു വീടെടുത്തു ടൌണിൽ താമസിക്കുവാൻ സാധിക്കുകയില്ലെന്നു നമുക്കാലോചിച്ചാൽ അറിയാവുന്നതാണ്. ഇന്നു് ഏതു് ആ ഫീസുകളിൽ പോയി നോക്കിയാലും വളരെയധികം ക്ലാർക്കുമാരും ശിപായിമാരും ആഫീസുകളിൽതന്നെയാണു താമസിക്കുന്നതെന്നു കാണാൻ സാധിക്കും. ആഫീസുകളിൽ താമസിക്കാൻ പാടില്ലെന്നു ഗവ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. I. Velayudhan]

മ്മേണ്ട നിയമംതന്നെയുണ്ട്. അങ്ങിനെ നിയമമൊക്കെയുണ്ടെങ്കിലും കിടക്കാനിടമില്ലാത കഷ്ടപ്പെടുന്ന അവസരത്തിൽ ആ നിയമത്തെ അവക്ക ലംഘിക്കേണ്ടതായിട്ടാണ് വരുന്നു. എനിക്കറിയാം, ഉദാഹരണമായി പറയുകയാണെങ്കിൽ, അഞ്ചുദ്യോഗസ്ഥന്മാർക്കുടി ഒരു മുറിയെടുത്തു താമസിക്കുന്ന സംഗതി. ആ മുറിയിൽ മൂന്നുപേക്ക കിടക്കാനുള്ള സ്ഥലമേയുള്ളു. മൂന്നുപേർ കിടക്കുമ്പോൾ ബാക്കി രണ്ടുപേർ പുറമെ എവിടേക്കെങ്കിലും വല്ല സിനിമക്കൊ മറെറാ പോയി സമയം കഴിക്കുകയാണ പതിവു്. ആ രണ്ടുപേർ മടങ്ങിവന്നാൽ കിടന്നുറങ്ങുന്ന മൂന്നുപേരും എഴുന്നേല്ക്കുകയും മടങ്ങിവന്നവർ ആ സ്ഥാനത്തു കിടന്നു കുറച്ചുസമയമെങ്കിലും ഉറങ്ങുകയും ചെയ്യുന്നു. ഇങ്ങിനെ അവർ ദുരിതമനുഭവിക്കുന്നതു വലിയ വാടകയുംകൊടുത്തു വീടെടുക്കുവാൻ അവക്ക സാധിക്കാത്തതുകൊണ്ടാണ്. ഇങ്ങിനെയുള്ളതായ അനുഭവത്തിനു് ഒരു പരിഹാരമുണ്ടാകണമെങ്കിൽ ടൌൺ പ്രദേശങ്ങളിൽ ഗവമ്മെണ്ടു് അവക്ക സ്ഥലങ്ങളും പണിയിച്ചുകൊടുക്കണം. ചുരുങ്ങിയ വാടകക്ക കിട്ടുവാൻ അവക്ക സാധിക്കുമാറായിരിക്കണം. ഗവമ്മെണ്ടിൽനിന്നു നേരിട്ടു കെട്ടിടങ്ങളും പണിയിച്ചു വാടകക്ക കൊടുത്തോ, കൊ-ഓപ്പറേററീവ് സൊസൈററികളും മുഖാന്തിരം കെട്ടിടങ്ങളും പണിയിച്ചു വാടകയ്ക്ക കൊടുത്തോ ഈ ഉദ്യോഗസ്ഥന്മാക്ക താമസിക്കുവാൻ ഏർപ്പാടുചെയ്യിക്കുകയാണെങ്കിൽ ഏറവും സൌകര്യപ്രദമായിരിക്കും. അവരെ സംബന്ധിച്ചിടത്തോളം ഒരു വലിയ അനുഗ്രഹവുമായിരിക്കും. തൃശ്ശിവപേരൂർ ടൌണിൽ സെൻട്രൽ കൊ-ഓപ്പറേററീവ് സൊസൈററി കെട്ടിടനിർമ്മാണത്തിൽ ബദ്ധശ്രദ്ധമായിരിക്കുകയാണു്. ഇന്നത്തെ കൊ-ഓപ്പറേററീവ് സൊസൈററികൊണ്ടുതന്നെ കുറച്ചുകൂടി വിപുലീകരിച്ചു്, അവക്ക പണം ചുരുങ്ങിയ പലിശക്ക ഗവമ്മെണ്ടിൽനിന്നും കടം കൊടുക്കുകയാണെങ്കിൽ ഇങ്ങിനെയുള്ള കെട്ടിടനിർമ്മാണം എളുപ്പത്തിൽ സാധിക്കും. ധനസഹായംചെയ്യും മറും ഗവമ്മെണ്ടു് ആത്മാർത്ഥതയോടുകൂടി ഇതിൽ ഇടപെട്ടു് കൊ-ഓപ്പറേററീവ് സൊസൈററികളെക്കൊണ്ടു് ഈ കെട്ടിടനിർമ്മാണകാര്യങ്ങളും ചെയ്യിക്കുകയാണെങ്കിൽ കീഴ്ജീവനക്കാക്കും ബാക്കിയുള്ള താഴ്ന്ന ഉദ്യോഗസ്ഥന്മാക്കും താമസിക്കുവാൻ സ്ഥലസൌകര്യം ഒരു നിശ്ചിതകാലത്തിനുള്ളിൽ സിദ്ധിക്കുന്നതാണ്. പേണയബാങ്ക് ഇയ്യിടെയായി വളരെയധികം ക്ലാർക്കുമാരെ പിരിച്ചുവിടുന്നതായ ഒരു സമ്പ്രദായം കാണുന്നുണ്ടു്. അവക്ക് അവിടെ യുദ്ധത്തിനുമുമ്പു് ഉണ്ടായിരുന്നതുപോലെയില്ലെന്നുള്ളതാണ് കാരണം. ഇങ്ങിനെയുള്ള ധനസഹായവും മറും ഈ ബാങ്കുവഴി ചെയ്യുകയാണെങ്കിൽ അവിടേയും സ്റ്റാഫ് കുട്ടുവാൻ സാധിക്കും. ഭവനനിർമ്മാണപദ്ധതി എളുപ്പത്തിൽ അവക്കേറെറടുത്തു നടത്തുവാൻ സാധ്യവുമാണ്. അതുകൊണ്ടും കെട്ടിടനിർമ്മാണകാര്യത്തിൽ ബഹുമാനപ്പെട്ട പൊതുമരാമത്തുമന്ത്രി ഏറവും ശ്രദ്ധപതിപ്പിക്കേണ്ടുള്ള വിശദാംശത്തോടുകൂടി ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: ഇക്കാര്യത്തെ സംബന്ധിച്ചു് ഫ്ലഡ്-ൽതന്നെ വേണ്ട പ്രവർത്തനങ്ങളും ചെയ്യണമെന്നാണ് എൻറ അപേക്ഷ. വീടു പണിയിക്കുവാനുള്ള ഇരുമ്പു്, സിമൻറ് മുതലായ സാധനങ്ങളും കൺട്രോൾ പ്രൈസിനു കൊ-ഓപ്പറേററീവ് സൊസൈററിക്കാക്കൊ മറെറാ കൊടുത്തു് അവരെക്കൊണ്ടു ചെയ്യിക്കേണ്ടതാണ്. പിന്നെ ഏതെങ്കിലും പണം ആവശ്യപ്പെട്ടാൽ ആ പണം കൊടുത്തു സഹായിക്കണം. ഇത്തരം പണി ചെയ്യുവാൻ തയ്യാറായിവരുന്നവരെ പ്രോത്സാഹിപ്പിച്ചു് ഈ കെട്ടിടനിർമ്മാണകാര്യത്തിൽ പുറമേയുള്ളവരെ സഹായിച്ചുകൊടുക്കാൻ ഗവമ്മെണ്ടു തയ്യാറുണ്ടായിരിക്കണം. ഇപ്പോൾ പലക്കും പണിയണമെന്നു താല്പര്യമുണ്ട്. പക്ഷെ, പണിയാൻ സാധിക്കുന്നില്ല. സാധനങ്ങൾക്കാണെങ്കിൽ വലിയ വില. പിന്നെ അവകിട്ടാനാണെങ്കിലും വളരെ പ്രയാസം. എന്നാൽ ഗവമ്മെണ്ടു വിചാരിച്ചാൽ ഈ സാധനങ്ങളും കിട്ടാൻ വിഷമമില്ല. സാധാരണ ജനങ്ങളും വിചാരിച്ചാൽ കിട്ടാൻ സാധിക്കാത്തതു ഗവമ്മെണ്ടിനാണെങ്കിൽ വലിയ ബുദ്ധിമുട്ടുണ്ടാകയില്ല. അങ്ങിനെ ഗവമ്മെണ്ടു വിചാരിച്ചാൽ എറണാകുളത്തു കെട്ടിടം കിട്ടാതെയുള്ള ബുദ്ധിമുട്ടു പരിഹരിക്കാൻ സാധിക്കും. ഇന്നു മദ്ധ്യനിലയിലുള്ളവക്കാണ് വലിയ ബുദ്ധിമുട്ടു് ഇടത്തരക്കാരായ സർക്കാരുദ്യോഗസ്ഥന്മാർ താമസിക്കാൻ സ്ഥലമില്ലാതെ വല്ലാതെ കഷ്ടപ്പെടുന്നുണ്ടു്. അവക്ക സ്ഥലം ഉണ്ടാക്കി കൊടുക്കേണ്ടതു ഗവമ്മെണ്ടിൻറെ ചുമതലയാണ്. അതിനുള്ള കെട്ടിടങ്ങളും ഈ ഫ്ലഡ്-ൽതന്നെ പണിതുടങ്ങുമെന്നുഞാൻ വിശ്വസിക്കുന്നു. ഇത്രമാത്രമേ ഞാൻ പറയുന്നുള്ളു.

മിസ്റ്റർ പി. കെ. ഡിവർ: ഇതിനെസംബന്ധിച്ചു ഒന്നു രണ്ടു സംഗതികളും പറയാൻ ഞാനും ആഗ്രഹിക്കുന്നു. ഇവിടെ കെട്ടിടങ്ങളുടെ ക്ഷാമമുണ്ടു്, സർക്കാരുദ്യോഗസ്ഥന്മാക്ക

LIBRARY ARCHIVES Kerala Legislative Assembly

ങ്കിലും കെട്ടിടങ്ങളുണ്ടാക്കുകയാണെങ്കിൽ മറവുള്ളവക്ക് അല്പമെങ്കിലും വാടകകുറച്ചു വീടുകൾ കിട്ടാൻ സാധിക്കും. വീടുകൾ പണിയാൻ തുകകൾ ധാരാളമുണ്ട്. അവക്ക് കല്ലും മരവും വില കുറച്ചുകൊടുക്കാൻ ഏർപ്പാടു ചെയ്യണമെന്നു അവർ പറയുന്നുണ്ട്. പണം ധാരാളമുള്ളവർ കെട്ടിടങ്ങൾകെട്ടി കൂടുതൽ വാടക മേടിച്ചു അങ്ങിനെ കൂടുതൽ സമ്പാദ്യമുണ്ടാക്കാനാഗ്രഹിക്കുന്നുണ്ട്. അങ്ങിനെയുള്ളവക്ക് കല്ലും മരവും കൺട്രോൾ വിലക്ക കൊടുക്കാനല്ല, സ്വന്തംആവശ്യത്തിനു കെട്ടിടം കെട്ടുന്നവക്ക് വിലകുറച്ചു കല്ലും മരവും കൊടുക്കാനാണ് ഗവണ്മെണ്ടു നോക്കേണ്ടതു്.

Mr. President: This relates to the building of houses for servants employed by Goveranment.

മിസ്റ്റർ പി. കെ. ഡീവർ: ഗവണ്മെണ്ടുദ്യോഗസ്ഥന്മാക്ക വീടുകളുണ്ടാക്കി കൊടുക്കുന്നതിനു മറവു വലിയ പട്ടണങ്ങളിൽ ഉള്ളതുപോലെയുള്ള ഭവനനിർമ്മാണപദ്ധതികൾ നമ്മുടെ പട്ടണങ്ങളിൽ നടപ്പാക്കുവാൻ സാധാരണയിലധികം വിഷമമുണ്ടെന്നുള്ള സംഗതി വിസ്മരിക്കത്തക്കതല്ല. ഒരു ഭവനനിർമ്മാണപദ്ധതി നടപ്പിലാക്കുമ്പോൾ അതുകൊണ്ടു വേറെ വളരെപ്പേർ ഭവനരഹിതരായി തീരുമെന്നതാണ് നമ്മുടെ പട്ടണത്തിന്റെ സ്വഭാവം. അതുകൂടാതെ നമ്മുടെ പട്ടണങ്ങളിൽ ഭവനനിർമ്മാണപദ്ധതി നടപ്പിൽ വരുത്തുക എന്നതാണ് ഇവിടെ വിഷമമായിരിക്കുന്നതു്. അതിനാൽ പട്ടണത്തെതൊട്ടു തൊട്ടു ആരെയും കുടിയൊഴിപ്പിക്കാതെന്നെ സ്ഥലം എടുത്തു ഭവനം നിർമ്മിക്കുകയാണുവേണ്ടതു്.

എറണാകുളം, മട്ടാഞ്ചേരി, തൃശ്ശിവപേരൂർ എന്നീ പട്ടണങ്ങളിൽ തുക്കുവേണ്ടി വീടുകളുണ്ടാക്കാനാണെങ്കിലും ഇന്നത്തെ ഗവണ്മെണ്ടിനു കുറെയൊക്കെ ബുദ്ധിമുട്ടുണ്ട്. പഴയ ഗവണ്മെണ്ടിനാണെങ്കിൽ തുരുടെ സ്ഥലമെടുത്താലും തുരെന്തുപറഞ്ഞാലും അതു കണക്കാക്കേണ്ടതില്ലായിരുന്നു. ഇപ്പോഴത്തെ ഗവണ്മെണ്ടിനു അതിൽ കുറെ ബുദ്ധിമുട്ടുണ്ട്. അതിൽ താമസിക്കുന്നവരുടെ സ്ഥിതി എന്തുമാകട്ടെ എന്ന നിലയിൽ ഇന്നത്തെ ഗവണ്മെണ്ടിനു സ്ഥലമെടുക്കാൻ വിഷമമുണ്ട്. ഉദാഹരണത്തിനു എറണാകുളത്തു ൭൦ അടി റോഡിനു സ്ഥലമെടുത്തപ്പോൾ ഗവണ്മെണ്ടിനു കുറെയേറെ ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. സ്ഥലമെടുക്കുമ്പോൾ കുടിവിട്ടുപോകേണ്ടിവരുന്നവക്ക് താമസിക്കാനുള്ള സ്ഥലമുണ്ടാക്കി കൊടുക്കേണ്ടതിനേയും മറവംപറ്റി ഗവണ്മെണ്ടിനു വളരെ തുലോചിക്കേണ്ടതുണ്ട്. എന്റെ ബുദ്ധിയിൽ തോന്നുന്ന ഒന്നു രണ്ടു നിർദ്ദേശങ്ങൾ ഈ സഭയിൽ സമർപ്പിക്കാൻ ഞാൻ വിചാരിക്കുന്നു. തേവര—അതു പട്ടണാതിർത്തിയിലല്ലെങ്കിലും തേവര കോളേജുകൊണ്ടും മറവം ഇന്ന് വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നായി തീർന്നിട്ടുണ്ട്. റിഫോംസ് കമ്മീഷണർ അവർകൾ താമസിക്കുന്ന സ്ഥലത്തിനു തെക്കുവശത്തായി നൂറൊ ഇരുനൂറൊ എക്കർ സ്ഥലം കായൽവാരത്തു നികത്തിയെടുക്കാൻ പറ്റിയതായി കിടക്കുന്നുണ്ട്. ഇറക്കസമയത്തു മുണ്ടുചെരിച്ചു കയറാതെതന്നെ നടന്നുപോകാൻ സാധിക്കുന്ന തരത്തിൽ അത്രവെള്ളം കുറവാണ്. ഗവണ്മെണ്ടിലേയ്ക്കു ഒരു ഡ്രഡ്ജർ മേടിച്ചിട്ടുണ്ടെന്നറിയുന്നു. ഇല്ലെങ്കിൽ ഹാർബർകാരെ ഏല്പിച്ചോ എങ്ങിനെയെങ്കിലും അതു നികത്തിയെടുത്താൽ അവിടെ കുറെയധികം വീടുകൾ പണിയാൻകഴിയുന്നതാണ്. അങ്ങിനെ അവിടെ വീടുകൾകെട്ടി ഗവണ്മെണ്ടുദ്യോഗസ്ഥന്മാർ അങ്ങോട്ടു മാറിയാൽ ടൌണിൽ അവർ താമസിക്കുന്ന വീടുകൾ മറവുള്ളവക്ക് ഒഴിഞ്ഞുകിട്ടും. അങ്ങിനെചെയ്യുന്നപക്ഷം ആ പുഴയിൽ ഇപ്പോൾ മത്സ്യംപിടിക്കുന്ന ഉന്നികൾ കൂടുതൽ തുടയായ കരമായി തീരാനും ഇടയുണ്ട്. അതുപോലെ പച്ചാളത്തും shallow ആയിട്ടുള്ള സ്ഥലങ്ങൾ നികത്തിയെടുക്കാൻ പറ്റിയവയായിട്ടുണ്ട്: ഇങ്ങിനെയുള്ള സ്ഥലങ്ങൾ നികത്തിയെടുത്തു അവിടെ കെട്ടിടം പണിയാനുള്ള ഒരു പദ്ധതിയാണു ഗവണ്മെണ്ടു തുലോചിക്കേണ്ടതു്. സർക്കാർ ഉദ്യോഗസ്ഥന്മാർക്കുമാത്രമല്ല ഭവനരഹിതരായി തീരുന്നവക്ക് വീടുണ്ടാക്കാൻ അങ്ങിനെ വളരെ സ്ഥലം കിട്ടുന്നു. ഗവണ്മെണ്ട് സർവ്വൻറ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കാക്കു പലതും ഇക്കാര്യത്തിൽ ചെയ്യാൻ സാധിക്കും. പണ്ടു ഗവണ്മെണ്ടുകൊ-ഓപ്പറേറ്റീവ് സൊസൈറ്റിക്കാർ ഗവണ്മെണ്ടുദ്യോഗസ്ഥന്മാക്ക ഇങ്ങിനെ വീടുകൾ ഉണ്ടാക്കികൊടുക്കുകയുണ്ടായിട്ടുണ്ട്. ആ വീടുകൾ ചിലതു വിലകൂടിയകാലത്തു അവർ വിറ്റു പണമാക്കുകയാണു ചെയ്തതു്. എങ്കിലും പലർക്കും അതു സഹായമായി. ആ സൊസൈറ്റിയേയും അതുപോലെയുള്ള സംഘങ്ങളേയും സഹായിച്ചു അവരെക്കൊണ്ടു വീടുകളുണ്ടാക്കി ഉദ്യോഗസ്ഥന്മാക്ക കൊടുപ്പിക്കാൻ സാധിക്കുന്നതാണ്.

പിന്നെ സെൻട്രൽ ബാങ്കിൽനിന്നും എറണാകുളത്തും തൃശ്ശിവപേരൂരും വീടുകളുണ്ടാക്കുന്നതിനു ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നറിയുന്നു. എന്നാൽ സെൻട്രൽബാങ്കു ഗവണ്മെ

LIBRARY ARCHIVES Kerala Legislative Assembly

[Mr P. K. Dewer]

ണ്ടിന്റെ കീഴിലുള്ളതല്ലെന്ന ഒരു സാങ്കേതികമായ തടസ്സം പറഞ്ഞു. അതിനു അനുവാദം കൊടുക്കാതെയിരിക്കുന്നതിനുള്ള ഉദ്യോഗസ്ഥന്മാർ ഹജൂരിലുണ്ടെന്നുള്ളതു ഞാൻ വിസ്മരിക്കുന്നില്ല. വീടുണ്ടാക്കുക ബാങ്കിന്റെ അധികാരപരിധിയിൽപെട്ടതല്ലെന്ന ആ സാങ്കേതിക തടസ്സം വകവെയ്ക്കാതെ ആ പദ്ധതിക്കാനുകൂല്യം കൊടുക്കുവാനും ബഹുമാനപ്പെട്ട മന്ത്രിമാർ ശ്രമിക്കേണ്ടതാണു്. അങ്ങിനെ സെൻട്രൽ ബാങ്കിനെക്കൊണ്ടു കുറെ വീടുകളുണ്ടാക്കിച്ചു സർവ്വെണ്ടുദ്യോഗസ്ഥന്മാക്കു കൊടുത്താലെങ്കിലും അവർ ഇന്നു താമസിക്കുന്ന വീടുകൾ മറ്റുള്ളവക്കു കിട്ടുന്നതാണു്.

വാടകനിയന്ത്രണംകൊണ്ടൊന്നും നാട്ടുകാക്കു വലിയ കാര്യമില്ലാതെയാണിരിക്കുന്നതെന്ന സംഗതികൂടി ഇവിടെ പറഞ്ഞുകൊള്ളട്ടെ. റെന്റ കൺട്രോളറെ വെച്ചിട്ടുണ്ടെങ്കിലും അദ്ദേഹം വാടക കുറയ്ക്കുവാനല്ല, ചിലരുടെ വീടുകൾക്കു വാടക കൂട്ടുതൽ വിതിച്ചു കൊടുക്കാനാണൊ ശ്രമിക്കുന്നതെന്നു തോന്നിപ്പോകുന്നു. അതിനു ഞാനൊരു ഉദാഹരണം പറയാം. എറണാകുളത്തു എ. എസ്സ്. ഒ.—അസിസ്റ്റണ്ടു സപ്ലൈ ആപ്പീസ്സരുടെ ആപ്പീസ്സ് ഒര് രൂപക്കാണു് വാടകയ്ക്കു ഗവമ്മെണ്ടു് എടുത്തിരുന്നതു്. ആ ആപ്പീസ്സു മാറി കെട്ടിടം ഒഴിഞ്ഞുകൊടുത്തപ്പോൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ ആപ്പീസ്സ് നടത്താനായി ആ വീടുവേണമെന്നു കൺട്രോളരോടാവശ്യപ്പെട്ടു. എന്നാൽ കൺട്രോളർ രേഖാമൂലം എഴുതികൊടുത്ത മറുപടി "ഉടമസ്ഥനതന്നെ ആ വീടു ആവശ്യമുണ്ടെന്നും, അവർ ഈ സ്ഥലത്തുവന്നു താമസിക്കാൻ പോകുന്നു"വെന്നുമാണു്. അതിനുശേഷം ഫ ൦ ൦-ഓ, ഫ൪ ൦-ഓ രൂപ-വാടകയ്ക്കു തിരുവിതാംകൂറുകാക്കു ആക്കൊ ആ വീടു കൊടുത്തതായും അറിയുന്നുണ്ടു്. ഈവക കാര്യംകൂടി ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെടണമെന്നു പറയാൻ ഞാൻ ഈ സന്ദർഭം വിനിയോഗിച്ചുകൊള്ളട്ടെ.

Mr. P. Kumaran Ezhuthassan *(Vadakkancheri):* On a point of information, Sir, I would like to know from Government whether they have provided any amount for construction of buildings to Government servants in the lower grades of service in the Budget.

Rao Sahib K. Ayyappan *(Minister for Public Works):* Rs. 5 lakhs.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Is it in the Budget Book? I would like to know the page, Sir.

Rao Sahib K. Ayyappan *(Minister for Public Works):* It is in the Capital Outlay.

Mr. P. Kumaran Ezhuthassan *(Vadakkancheri):* If you are sure, it is all right.

Mr. K. Govinda Menon *(Comptroller of Finance and Accounts)* Please see page 203.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: I accepted your word now Sir, കൊച്ചി ഗവമ്മെണ്ടിനെ സേവിക്കുന്ന കീഴുദ്യോഗസ്ഥന്മാർ യഥാകാലത്തു ചെയ്യ തീക്കേണ്ടതായ പ്രവൃത്തികൾ ചെയ്യ തീക്കുന്നതിനു അവരുടെ കഴിവുകൾ മുഴുവൻ ഉപയോഗിക്കുന്നതിനും അങ്ങിനെ ഗവമ്മെണ്ടിനെ ആത്മാർത്ഥമായി സേവിക്കുന്നതിനും സന്നദ്ധരാണെന്നുള്ളതു ഇന്നത്തെ ഗവമ്മെണ്ടു ധരിച്ചിട്ടില്ലെന്നു മനിലധികം തെളിവുകൾ കൊണ്ടു മനസ്സിലാക്കാൻ കഴിയുന്നതാണു്. ഒന്നാമതു ശമ്പളപരിഷ്കരണ കാര്യത്തിൽ നിങ്ങൾ കാണിക്കുന്ന പറയാൻ വയ്യാത്തതരത്തിലുള്ള ആ മനയത്തരം; രണ്ടാമതു സാധാരണ കാലങ്ങളിൽക്കൂടി—യുദ്ധത്തിനു മുമ്പുള്ള കാലങ്ങളിൽ ക്കൂടി—പട്ടണങ്ങളിൽ വീടുകൾ വാടകയ്ക്കു കിട്ടാൻ പ്രയാസമാണെന്നിരിക്കെ അക്കാര്യത്തിൽ അന്നത്തേക്കാൾ നൂറിരട്ടി പ്രയാസം നേരിട്ടിട്ടുള്ള ഇക്കാലത്തു ഗവമ്മെണ്ടു കീഴുദ്യോഗസ്ഥമാക്കു താമസിക്കാൻ സൌകര്യം ഉണ്ടാകത്തക്കവിധം വീടുകൾ ഉണ്ടാക്കികൊടുക്കാനുള്ള ഒരു പദ്ധതി നടപ്പിൽ വരുത്തണമെന്നു പലേ രൂപത്തിലായി പലേ നിവേദനങ്ങളും ഉണ്ടായിട്ടും അതിനൊന്നിനും ശരിയായ മറുപടി പറയാൻ മനസ്സില്ലാതെയോ, സാധിക്കാതെയോ "നോട്ടീസ്സു് വേണം" എന്നു പറഞ്ഞൊഴിയുന്ന സമ്പ്രദായം. എന്നാൽ ഇന്നത്തെ ഗവമ്മെണ്ടു ഈ ബഡ്ജറിൽ ഒരു ലക്ഷം രൂപ കൊള്ളിച്ചിട്ടുണ്ടു്. നിങ്ങളുടെ സംഖ്യ കൊള്ളിക്കലൊക്കെ കണ്ടുസർ. വെറെ കൊല്ലങ്ങളായി ഈ സംഖ്യ കൊള്ളിക്കൽ ഞാൻ കാണുന്നു! ജനങ്ങളിൽനിന്നു നികുതിപിരിച്ചെടുക്കുന്ന പണത്തിനു കാര്യമായ യാതൊരു സ്കീമുമില്ലാതെ ഞങ്ങളെപ്പോലെയുള്ള സാധുക്കളുടെ കണ്ണിൽ പൊടിയിട്ട ശകാരം, ശകാരം, ക്രോക്കു ശകാരം കൊണ്ടു കഴിച്ചു എന്തിനാണിങ്ങിനെ വക കൊള്ളിക്കുന്നതു്? പണ്ടത്തെ ഗവമ്മെണ്ടായിരുന്നുവെങ്കിൽ ഞാൻ യാതൊന്നും പറയുകയില്ലായിരുന്നു. ഇന്നത്തെ ഗവമ്മെണ്ടു സാധു

LIBRARY ARCHIVES Kerala Legislative Assembly

ക്കളുടെ ഗവൺമെണ്ടാണെന്നു പറഞ്ഞു നിങ്ങൾ അഭിമാനിക്കുന്നുണ്ട്. ഒരിക്കലും അങ്ങിനെയല്ലെന്നു ഞാൻ പറയുന്നു. ൧൦ മാസങ്ങളായി നിങ്ങൾ അധികാരത്തിലിരിക്കുന്നു. ഇനിയെങ്കിലും നന്നാകണമെന്നു ആഗ്രഹിക്കുന്ന ഞാൻ നിങ്ങളോടു പറയുന്നു; ഈ സാധുക്കൾക്കു കിടക്കുവാൻ സ്ഥലമുണ്ടാക്കി കൊടുക്കണമെന്നു്. ഈ ൧൦ മാസങ്ങളായിട്ടു നിങ്ങളുടെ Housing scheme എവിടെയെന്നു ഞാൻ ചോദിക്കുന്നു. ഞാൻ ചോദിക്കട്ടെ, അന്നത്തെ ഗവൺമെൻറ് മാറിപ്പോകാൻ തയ്യാറായിരുന്ന സമയത്തു ചോദിക്കുന്നതു എല്ലാം ഒരു സെക്കണ്ടിനുള്ളിൽ കൊടുക്കുന്നതിനു സന്മനസ്സുള്ള ഒരു മഹാരാജാവു തിരുമേനിയുള്ളപ്പോൾ, ചോദിക്കുന്നതിനു മുമ്പുതന്നെ അധികാരം ജനകീയ ഹസ്തങ്ങളിലേയ്ക്കു വിട്ടുതരാൻ തയ്യാറായിരുന്ന അവിടത്തെ കയ്യിൽനിന്നു പിടിച്ചു പറിക്കാൻ വെമ്പൽ കാണിച്ച നിങ്ങളുടെ അവിവേകത്തിനു മാപ്പുതന്നു ഈ സ്ഥാനങ്ങളിൽ പിടിച്ചിരുത്തീട്ടു് ഇതുവരെ നിങ്ങൾ എന്തു ചെയ്യുകയായിരുന്നുവെന്നു ചോദിക്കേണ്ടതുണ്ട്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: Housing schemeനു പണം കൊള്ളിച്ചതു തെറ്റാണെന്നോ ശരിയാണെന്നോ ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു്?

മിസ്റ്റർ പി. കുമാരനെത്തഴുൻ: ഞാൻ അതിനെക്കുറിച്ചു പറയുന്നില്ല. ഞാൻ ചോദിക്കുന്നു നിങ്ങൾ ആരോടുത്തരവാദപ്പെട്ടാണു് അവിടെയിരിക്കുന്നതെന്നു്. നിങ്ങൾ അന്നു ഹൌസിംഗ് സ്കീമിനെ കുറിച്ചു ഇടിമുഴക്കംപോലെ, ഭിത്തി പൊളിയാൻ തക്കവണ്ണം പ്രസംഗിച്ചു കേട്ടു. ഇന്നു ജനങ്ങളുടെ ഗവൺമെണ്ടാണെന്നു പറഞ്ഞു അഭിമാനിക്കുന്നു കൊള്ളരുതാത്ത ഗവൺമെണ്ടിനോടു ഞാൻ ചോദിക്കുന്നു നിങ്ങളുടെ ഹൌസിംഗ് സ്കീമെവിടെ എന്നു്. നിങ്ങളുടെ ഈ കൊള്ളിക്കൽ കൂടാതെ ഇതിനു ഒരു എസ്റ്റിമേറുണ്ടാക്കി ഏതെങ്കിലും ഒരു പട്ടണത്തിൽ പണി തുടങ്ങാമായിരുന്നില്ലെ? അതിനു വേണ്ടി എഞ്ചിനീയർമാർ ഇല്ലെങ്കിൽ വേറെ എവിടെ നിന്നെങ്കിലും കൊണ്ടുവന്നുകൊള്ളുക. ഇപ്പോൾത്തന്നെ ഉണ്ടല്ലൊ ഇവിടെ എഞ്ചിനീയർമാരുടെ പട്ടാളം. പോരെങ്കിൽ എവിടെ നിന്നെങ്കിലും കൊണ്ടുവന്നു കൊള്ളുക. നിങ്ങൾക്കു് ഈ ചിങ്ങം ൧-ാം തീയ്യതി മുതൽക്കെങ്കിലും അതിന്റെ പണി തുടങ്ങാം. ഈ ബഡ്ജറ്റ് സെഷൻ അവസാനിക്കുന്നതിനു മുമ്പെങ്കിലും നിങ്ങൾ അതിനുള്ള പണി തുടങ്ങണം. നിങ്ങൾ അതു ചെയ്യില്ലെങ്കിൽ നിങ്ങളെക്കൊണ്ടു ചെയ്യിക്കും. നിങ്ങൾക്കു നാണം ഉണ്ടെങ്കിൽ ഇതു ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു. ആ ഭാഗത്തു റാവുസാഹിബും റാവുബഹദൂറും ഉണ്ട്. നിങ്ങൾ ഈ പദ്ധതി ഉടനെ നടപ്പിൽ വരുത്തണമെന്നുള്ള അഭ്യർത്ഥനയോടു ഞാൻ അവസാനിപ്പിക്കുന്നു.

മിസ്റ്റർ കെ. ടി. അച്യുതൻ: On a point of information. ഇതിൽ ഒരു ലക്ഷം രൂപ Lump sum provision-ൽ കാണുന്ന തുക എന്തിനുള്ളതാണു്?

റാവുസാഹിബു് കെ. അയ്യപ്പൻ: അതു പബ്ലിക്കാഫീസ് ബിൽഡിംഗ്സിനു കൊള്ളിച്ചിരിക്കുന്നതാണു്. ഇവിടെ പറയുന്നതു ഗവൺമെൻറ് ഉദ്യോഗസ്ഥന്മാർക്കു താമസിക്കാനുള്ള കെട്ടിടങ്ങളുടെ കാര്യമാണു്.

തൃശ്ശിവപേരൂരിലും എറണാകുളത്തും ഗവൺമെണ്ടുദ്യോഗസ്ഥന്മാർക്കു വീടുകളുണ്ടാക്കാനായി ഒരു പദ്ധതി നിശ്ചയിച്ചു. അതിനു സ്ഥലംനോക്കിയപ്പോൾ ഒരു വിഷമം കണ്ടു. ഇപ്പോൾ താമസിക്കുന്ന ആളുകളെ കുടിയിരുക്കണം. അങ്ങിനെവരുമ്പോൾ അവിടെ താമസിക്കുന്നവരെങ്ങിനെയുള്ള ആളുകളാണു; ഒഴിയാൻ മനസ്സുള്ളവരാണൊ, അവർക്കു വേറെ വീടുണ്ടൊ എന്നും മറ്റും അന്വേഷിക്കണം. തൃശ്ശിവപേരൂർ നോക്കിയ സ്ഥലം എടുക്കാമെന്നു തോന്നുന്നുണ്ടു്. മൂന്നുനാലു വീട്ടുകാരെ അവിടെ നിന്നു ഒഴിയേണ്ടിവരികയുള്ളു. പിന്നെ ചിലർ പറയുകയുണ്ടായി ടെഴണിൽനിന്നു വിട്ടു കൊച്ചുകലെ ആയാലും വിരോധമില്ലെന്നു്. അങ്ങിനെയാണെങ്കിൽ വിരോധമില്ല, അതു വളരെ സഹായവുമാണു്. എന്നാൽ അകലെയായാൽ ബസ് സർവ്വീസൊ മറ്റൊ വേണ്ടിവരും. ഏതായാലും ഗവൺമെൻറ് ഇതിനെക്കുറിച്ചു ആലോചിക്കുന്നതാണു്. ഇതു നടപടി എടുത്തുതുടങ്ങിയിരിക്കുന്ന കാര്യമാണു്. അതിനെ സംബന്ധിച്ചു ഇവിടെ കൊണ്ടുവന്നിട്ടുള്ള നിർദ്ദേശങ്ങളെക്കുറിച്ചും ആലോചിക്കുന്നതാണു്. ഭവനനിർമ്മാണപദ്ധതിയെക്കുറിച്ചു പലരും ഗവൺമെൻറിനെ സമീപിക്കുന്നുണ്ടു്. അവരുടെയൊക്കെ സ്കീമുകളെപ്പറ്റി ആലോചന നടത്തുന്നുണ്ടു്. എങ്ങിനെയായാലും ഗവൺമെൻറ് ഉദ്യോഗസ്ഥന്മാർക്കു കെട്ടിടമുണ്ടാക്കുന്നകാര്യത്തിൽ അവശ്യമായ നടപടികൾ എടുത്തു തുടങ്ങിട്ടുണ്ടു്. ഇത്രമാത്രമേ ഇതിനെപ്പറ്റി പറയുവാനുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. ഐ. വേലായുധൻ: ബഹുമാനപ്പെട്ട പൊതുമരാമത്തു മന്ത്രിയുടെ മറുപടി തൃപ്തികരമായതുകൊണ്ടു ഞാൻ ഈ ഉപക്ഷേപം സഭയുടെ അനുമതിയോടുകൂടി പിൻവലിക്കുന്നു.

Motion, by leave, withdrawn

Cut Motion No. 3

Mr. K. S. Panicker *(Trichur-Ezhuvas)*: I move to reduce the allotment of Rs. 46,427 for B—Civil Engineering Permanent Establishment of the Executive Engineers, and the sub-Divisional offices in Demand No. 32 by Re. 1.

(To impress upon the Government the urgent necessity of shifting the office of the Executive Engineer, Southern Division either to Irinjalakkuda or to Chalakkudi).

സർ, തെക്കെഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനിയർ അവർകളുടെ ആപ്പീസ് ഇരിങ്ങാലക്കുടക്കോ ചാലക്കുടിക്കോ മാറേണ്ടതായ ആവശ്യകത ഗവൺമെണ്ടിന്റെ ശ്രദ്ധയിൽപെടുത്താനാണു ഞാൻ ഈ ഖണ്ഡനോപക്ഷേപം ഇവിടെ കൊണ്ടുവന്നിരിക്കുന്നതു്. ഇറിഗേഷൻ ജോലി അധികഭാഗവും നടക്കുന്നതു മുകുന്ദപുരം താലൂക്കിലാണു്. അതായതു കുറുമാലിപ്പുഴ, മണലിപ്പുഴ, കരുവന്നൂർപ്പുഴ, ചാലക്കുടിപ്പുഴ ഈവക പുഴകൾവഴിയാണു ഇറിഗേഷൻ പണി നടക്കുന്നതു്. കുറുമാലിപ്പുഴയും മണലിപ്പുഴയും പാലക്കടവിൽവെച്ചു് സംയോജിച്ചുകൊണ്ടാണു കരുവന്നൂർപുഴയായിത്തീരുന്നതു്. പുഴകളിൽനിന്നുവരുന്ന വെള്ളം തല്ക്കാലിക ചിറകൾകെട്ടി കടലിലേക്കു ഒഴുകിപോകുന്ന വെള്ളം ശേഖരിച്ചു് പുഞ്ച, കോൾ, മുണ്ടകൻ മുതലായ കൃഷികൾ ഉണങ്ങിപോകാതെ സംരക്ഷിക്കുക എന്നതാണു ഈ ഇറിഗേഷൻ സമ്പ്രദായംകൊണ്ടു് നമ്മൾക്കു സാധിക്കുന്നതു്. കാരികളം, കരയാംപാടം, തോട്ടുംമുഖം വാസുപുരം, കാനത്തോട്, നന്തിക്കര, മാണ്ടാംകുഴി എന്നിങ്ങിനെയുള്ള ചിറകൾ കുറുമാലിപ്പുഴയിലും, പത്തൂർചിറ, തൂക്കുർ ചിറ, ഓടൻചിറ, എറവക്കാട്ടുചിറ എന്നിങ്ങിനെയുള്ള ചിറകൾ മണലിപ്പുഴയിലും, കരുവന്നൂർ ചിറ, താമരവളയം ചിറ, ഇല്ലിക്കൽ ചിറ, കൊറ്റങ്കോട്ടവളവു ചിറ എന്നിങ്ങിനെയുള്ള ചിറകൾ കരുവന്നൂർ പുഴയിലും അതിന്നു പുറമെ മേല്പറഞ്ഞ പുഴകളുടെ കൈവഴിയായ പല ഉപപുഴകളിലും കൃഷി സംരക്ഷണാർത്ഥം ഉണ്ടാക്കീട്ടുള്ള പല തോടുകളിലും ജലശേഖരം ചെയ്യുന്നതിന്നു കെട്ടിവരാറുള്ള പല ചിറകൾ വേറെയും ഉണ്ടു്. അതുപോലെ ചാലക്കുടി പുഴയിൽനിന്നു് വെള്ളമെടുത്തു കൃഷിചെയ്യുന്ന ചിറകൾ വേറെയുമുണ്ടു്. ഈ പുഴകളിലും ഉപപുഴകളിലും തോടുകളിലും ചിറകൾ കെട്ടി ജലശേഖരംചെയ്തു സംരക്ഷിച്ചുവരുന്നതു കോൾ, പുഞ്ച, മുണ്ടകൻ എന്നീ കൃഷികളെ സംരക്ഷിക്കാനാണു്. കരുവന്നൂർ പുഴയിൽ കൂടി വരുന്നവെള്ളം തൃശ്ശിവപേരൂർ താലൂക്കിലുള്ള ഫസ്, ൦൦൦-ൽ ചിലപ്പോൾ എക്കർ കോൾകൃഷിയും, വൃ, ൦൦൦-ൽ ചിലപ്പോൾ എക്കർ പുഞ്ചകൃഷിയും, മുകുന്ദപുരം താലൂക്കിലുള്ള ഫ ർ, ൦൦൦-ൽ ചിലപ്പോൾ എക്കർ പുഞ്ചനിലത്തിന്നും ൭, ൦൦൦-ൽ ചിലപ്പോൾ എക്കർ മുണ്ടകനും ഉപകരിക്കുന്നു. ഇതിൽ എതെങ്കിലും ഒരു ചിറ പൊട്ടിയാൽ അതിന്റെ താഴെയുള്ള മറ്റെല്ലാ ചിറകളും പൊട്ടി വെള്ളംമുഴുവനുംപോയി ആ ചിറകളിലെ വെള്ളംകൊണ്ടു സംരക്ഷിക്കുന്ന എല്ലാ കൃഷിക്കും നാശംവരുന്നു. മിക്ക കൊല്ലങ്ങളിലും ഈ താല്ക്കാലിക ചിറകൾ മറിഞ്ഞു ആ ചിറകൾ മൂലം സംരക്ഷിച്ചുവരാറുള്ള കൃഷികൾക്കു സാരമായ ഉണക്കം ബാധിക്കുകയും നാശംസംഭവിക്കുകയും ചെയ്യുവരാറുണ്ടു്. അങ്ങിനെയുള്ള അവസരങ്ങളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ ശ്രദ്ധ എപ്പോഴും ആ ഭാഗങ്ങളിലുണ്ടായിരിക്കേണ്ടതത്യന്താപേക്ഷിതമാണു്. എക്സിക്യൂട്ടീവ് എൻജിനിയർതന്നെ വേണോ; അസിസ്റ്റൻറ് എഞ്ചിനീയർമാർക്കു ആവക കാര്യങ്ങൾക്കു അധികാരം കൊടുത്താൽ മതിയാകയില്ലെഎന്നു ഒരുപക്ഷെ ഗവൺമെണ്ടിൽനിന്നു ചോദിക്കുമായിരിക്കാം. ഒരിക്കലും പോരാ എന്നു ഞാൻ വളരെ ഉറപ്പിച്ചുതന്നെ പറയും. ഞാൻ ഡാപ്പ്യാട്ട്മെണ്ടിനേയോ ഗവൺമെണ്ടിനേയോ ആക്ഷേപിക്കയാണെന്നു ഒരുനും തെറ്റിദ്ധരിക്കരുതു്. ഇപ്പോഴുള്ള അസിസ്റ്റണ്ടു എഞ്ചിനീയർമാരൊക്കെ പുതിയതായി പാസ്സായിവന്നവരാണു്. അവരിൽ ചിലർ വാർക്കാളിറിറികളുമണ്ടു്. എട്ടിൽ കണ്ടതു് പഠിച്ചുവരാണു് അവർ എങ്കിലും കാട്ടിക്കണ്ടു് പഠിച്ചിട്ടില്ല. അതിന്നു അവക്കു സമയവും ആയിട്ടില്ല. കാട്ടിക്കണ്ടു പഠിക്കുവാൻ അവരെ അയച്ചു പരീക്ഷിക്കേണ്ട അവസരം ഇതല്ല. ഇത്രയധികം കൃഷിക്കു നാശം നേരിടാവുന്ന സ്ഥലവും അല്ല. കുറെ പരിചയം സിദ്ധിച്ചിട്ടിനുശേഷം മാത്രമെ ഇത്തരം ഭാരമേറിയതും ഉത്തരവാദം കൂടിയതുമായ ഇത്തരം സംഗതികളിൽ ഈ പുതിയ അസിസ്റ്റൻറ് എഞ്ചിനീയർമാരെ നിയമിക്കാവൂ. കുറച്ചുകാലം കഴിയാതെ അവക്കു Practical experience ഉണ്ടാകയില്ല. കോളേജിൽനിന്നു സാങ്കേതികവിദ്യാഭ്യാസം കിട്ടിയെങ്കിലും ഏട്ടിൽ കാണുന്നതിനേക്കാൾ കാട്ടികാണുന്നതാണുനല്ലതു് എന്നു പറഞ്ഞതുപോലെ Practical experience

LIBRARY ARCHIVES Kerala Legislative Assembly

Mr. President: The Hon'ble Member has one minute more.

Mr. K. S. Panicker *(Trichur-Ezhuvas):* I want to explain everything on these matters, So I may be given some more time, Sir.

Mr. President: Yes, the Hon'ble Member will continue.

മിസ്റ്റർ കെ. എസ്സ്". പണിക്കർ: അങ്ങിനെയുള്ള അസിസ്റ്റൻറ് എഞ്ചിനീയർമാരുടെ, അതായത് പുതിയതായി പാസ്സായിവന്നു നിയമിക്കപ്പെട്ടെ അസിസ്റ്റൻറ് എഞ്ചിനീയർമാരുടെ ചുമതലയിലും ഉത്തരവാദത്തിലും അനേകായിരം ഏക്കർ കോൾനിലങ്ങളുടേയും പുഞ്ചനിലങ്ങളുടേയും മണ്ടകനിലങ്ങളുടേയും കൃഷിസംരക്ഷണക്കുള്ള ഈ ഇറിഗേഷൻ വിട്ടുകൊടുത്താൽ ഈ ജോലി കാര്യക്ഷമമായിനടക്കുമെന്നു വിശ്വസിക്കാൻതക്ക മൌഢ്യം കൃഷിക്കാരായ ഞങ്ങൾക്കില്ല. മാത്രമല്ല തെക്കെഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ ആപ്പീസ് ഇരിങ്ങാലക്കുടയിലേയ്ക്കു മാറണമെന്നു തൊട്ടിപ്പാൾ മുതലായ സ്ഥലങ്ങളിലെ കൃഷിക്കാർ ബഹുമാനപ്പെട്ട മന്ത്രിക്കും ചീഫ് എഞ്ചിനീയർക്കും ഭീമഹർജികൾ സമർപ്പിച്ചിട്ടുണ്ടെന്നും, നിവേദനങ്ങൾ ചെയ്തിട്ടുണ്ടെന്നും ഉള്ള സംഗതികൂടി ഞാൻ പറഞ്ഞുകൊള്ളുന്നു.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: പല സ്ഥലങ്ങളിൽനിന്നും അങ്ങിനെ നിവേദനങ്ങൾ ഉണ്ടായിട്ടുണ്ട്".

മിസ്റ്റർ കെ. എസ്സ്". പണിക്കർ: ഇങ്ങിനെ പല സ്ഥലങ്ങളിൽനിന്നും നിവേദനങ്ങളുണ്ടായിട്ടുണ്ടെന്നു എൻറെ സ്നേഹിതൻ ബഹുമാനപ്പെട്ട കാട്ടൂർമെമ്പർ മിസ്റ്റർ പുത്തൂർ അച്യുതമേനോനും സാക്ഷ്യപ്പെടുത്തുന്നു. സർ, ഇപ്പോൾ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒരു റോഡുപണി തുടങ്ങുന്നുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രിഅവർകൾ ഡിമാൻഡ് ആവശ്യപ്പെട്ട സമയത്ത് പറഞ്ഞതു ആനമല റോഡുവക്കായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

Mr. President: The Hon'ble Member can proceed with his spech tomorrow.

The House rose for the day at 5 p.m.

P. NARAYANA SWAMI
Secretary

LIBRARY ARCHIVES Kerala Legislative Assembly